LIBRARY ARCHIVES Kerala Legislative Assembly

കളമ്പ് രോഗം

192 (3168) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കളമ്പ് രോഗം ബാധിച്ച് നടപ്പ് വർഷം അടൂർ നിയോജക മണ്ഡലത്തിൽ ചെറുകിട ക്ഷീരകർഷകരുടെ പശുക്കൾ ചത്തതിനുള്ള നഷ്ടപരിഹാര അപേക്ഷകളിന്മേൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടി അറിയിക്കുമോ ;

(ബി) എത്ര അപേക്ഷകൾ ഇതുമായി ബന്ധപ്പെട്ട് നിലവിൽ പരിഗണനയിലാണെന്നുള്ള വിവരം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ ;

(സി) അപേക്ഷകളിന്മേൽ നടപ്പുവർഷം നഷ്ടപരിഹാരം നൽകിക്കഴിഞ്ഞവയുടെ വിവരം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ ;

(ഡി) ഇനിയും നഷ്ടപരിഹാരം നൽകാനുള്ളവയ്ക്ക് അടിയന്തരമായി നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) കളമ്പുരോഗം ബാധിച്ച് നടപ്പുവർഷം അടൂർ നിയോജകമണ്ഡലത്തിൽ ചെറുകിട ക്ഷീര കർഷകരുടെ പശുക്കൾ ഒന്നുംതന്നെ മരണപ്പെട്ടതായി ശ്രദ്ധയിൽപെട്ടിട്ടില്ല.

നാഷണൽ പ്രോജക്ട് ഫോർ ബൊവൈൻ ബ്രീഡിംഗ്

193 (3169) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ പ്രോജക്ട് ഫോർ ബൊവൈൻ ബ്രീഡിംഗ് എന്ന കേന്ദ്രാവിഷ്കൃത പദ്ധതി കേരളത്തിൽ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം സഹ്യപർവ്വത മേഖലയിൽ കൃത്രിമ ബീജദാന കേന്ദ്രങ്ങൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; ഇത് നിലവിലുള്ള ജീവനക്കാരുടെ തൊഴിലിനെ ബാധിക്കുമോ ;